# മദ്രാസ് സമ്മേളനത്തിലെ അനിഷ്ട സംഭവങ്ങൾ

ഇതര വ്യക്തികളും സംഘടനകളുമായി ശണ്ഠകൂടുന്നത് നമ്മുടെ രീതിയല്ലെന്ന് നമ്മുടെ പ്രവർത്തനശൈലി മനസ്സിലാക്കിയവർക്കൊക്കെ നന്നായറിയാം. അതുകൊണ്ടുതന്നെ, നമ്മുടെ മദ്രാസ് ഹൽഖാ സമ്മേളനത്തിൽ അസ്വാരസ്യങ്ങൾ സൃഷ്ടിക്കാൻ ചില നിരുത്തരവാദികൾ നടത്തിയ ശ്രമങ്ങളെ രേഖപ്പെടുത്തണമെന്ന് നാം ആഗ്രഹിച്ചിരുന്നില്ല. എന്നാൽ ദൗർഭാഗ്യകരമായ ആ സംഭവത്തിനുശേഷം മദ്രാസിലെ ചില ഉത്തരവാദപ്പെട്ട വ്യക്തികളും നേതാക്കളും കുഴപ്പകാരികളെ പരസ്യമായി പിന്തുണക്കാനും ജമാഅത്തെ ഇസ്‌ലാമിയെ തെറ്റിദ്ധരിപ്പിക്കാനും കൊണ്ടുപിടിച്ചു ശ്രമിക്കുകയുണ്ടായി. ഈ സാഹചര്യത്തിലാണ് മദ്രാസ് സംഭവത്തിന്റെ പൂർണരൂപം ശരിയായവിധത്തിൽ ചുരുക്കി വിവരിക്കാൻ നാം നിർബന്ധിതരായിത്തീർന്നിരിക്കുന്നത്.

യോഗത്തിന്റെ പ്രഥമദിവസം ജമാഅത്തിന്റെ വാർ ഷിക റിപ്പോർട്ട് അവതരിപ്പിച്ചുകൊണ്ടിരിക്കെ, വൈകുന്നേരം നാലുമണിയോടടുത്ത സമയത്ത് അൻപതോളം പേരടങ്ങുന്ന ഒരു സംഘം, മുസ്‌ലിംലീഗ് പതാകയുമേന്തി മുദ്രാവാക്യങ്ങൾ മുഴക്കി സമ്മേളനഹാളിന്റെ പ്രധാന കവാടത്തിൽ വന്നു നിൽപ്പുറപ്പിച്ചു. ലൗഡ്സ്പീക്കറുണ്ടായിരുന്നിട്ടും പ്രസംഗം ശ്രോതാക്കൾക്ക് കേൾക്കാൻ പറ്റാത്തവിധം മുദ്രാവാക്യം മുഴക്കിയും മറ്റും അവർ ഉച്ചത്തിൽ ബഹളമുണ്ടാക്കിക്കൊണ്ടിരുന്നു. ഈ സമയത്ത് സമ്മേളനാധ്യക്ഷനായിരുന്ന അമീർ, ഖയ്യിമിനോട് റിപ്പോർട്ടവതരണം നിർത്തിവെക്കാനും ശ്രോതാക്കളോട് നിശ്ശബ്ദത പാലിക്കാനും ആവശ്യപ്പെട്ടു. സമ്മേളനഹാൾ പൂർണ നിശ്ശബ്ദമായി. പുറമെ നിന്നു വന്നവർ ബഹളംവെക്കൽ തുടർന്നു. ഇതിനിടെ കുറച്ചാളുകൾ യോഗസ്ഥലത്തേക്കു കയറി കുഴപ്പം വ്യാപിപിക്കാൻ ശ്രമിച്ചു. മറ്റു ചിലർ സമ്മേളന നഗരിയുടെ പ്രധാനകവാടത്തിൽ കയറി അതിന്മേൽ മുസ്‌ലിം ലീഗിന്റെ കൊടി ഉയർത്താൻ തുടങ്ങി.ഇതുകണ്ട് കവാടത്തിലുണ്ടായിരുന്ന ചില ജമാഅത്തു പ്രവർത്തകർ അവരുടെ നേതാക്കന്മാരോടായി പറഞ്ഞു: "സഹോദരാ, ഈ പതാക നാട്ടുകയായിരുന്നു കാര്യമെങ്കിൽ ഇങ്ങനെയൊക്കെ കുഴപ്പമുണ്ടാക്കേണ്ട കാര്യമുണ്ടായിരുന്നോ? ഞങ്ങൾ തന്നെ അതവിടെ നാട്ടിത്തരുമായിരുന്നല്ലോ. ഏതായാലും ഇനി അകത്തു കയറിയിരുന്ന് പരിപാടി ശ്രവിക്കൂ." അങ്ങനെ അവരെല്ലാം യോഗസ്ഥലത്തേക്ക് കടന്നിരുന്നു. യോഗ പരിപാടികൾ പുനരാരംഭിക്കുകയും ചെയ്തു.

ഇവിടെ ഒരു കാര്യം പ്രത്യേകം പറയേണ്ടതുണ്ട്. തങ്ങളുടെ ഡ്യൂട്ടിയുടെ ഭാഗമായി അവിടെ വന്നിരുന്ന പോലീസുകാർ ഈ കുഴപ്പങ്ങൾ നടക്കുന്നതിനിടയിൽ ഈ കുഴപ്പങ്ങൾ നടക്കുന്നതിനിടയിൽ പല തവണ അതിൽ ഇടപെടാൻ ശ്രമിക്കുകയുണ്ടായി. എന്നാൽ നമ്മുടെ പ്രവർത്തകർ അവരോട് ശാന്തമായി പറഞ്ഞു: "ഞങ്ങളുടെ യോഗത്തിൽ സാമധാനം നില നിർത്തേണ്ടത് ഞങ്ങളുടെ ബാധ്യതയാണ്. നിങ്ങളിൽനിന്ന് ഒരു സഹായവും ഞങ്ങളിപ്പോൾ ആഗ്രഹിക്കുന്നില്ല. ഞങ്ങളെ ഞങ്ങളുടെ രീതിയനുസരിച്ച് പ്രവർത്തിക്കാൻ വിടുക."

രണ്ടാമത്തെ യോഗത്തിൽ മൗലവി മസ്ഹറുദ്ദീൻ സാഹിബിന്റെയും ഖയ്യിമെ ജമാഅത്തിന്റെയും പ്രഭാഷണങ്ങൾ അറുനൂറോളം പേർ വരുന്ന സദസ്സ് നിശ്ശബ്ദമായി ക്ഷമാപൂർവം കേട്ടിരുന്നു. ഖയ്യിമെ ജമാഅത്തിന്റെ പ്രസംഗം തീർന്നയുടനെ ഒരു ഉയർന്ന ലീഗ് പ്രവർത്തകനായ ഡോക്ടർ നിഅ്മത്തുല്ലാ സാഹിബ് ഒരു ചോദ്യമെഴുതി അദ്ദേഹത്തിനു കൊടുത്തു. "ഇസ്‌ലാമിനും മുസ്‌ലിംകൾക്കും ഒരേസമയം സേവനം ചെയ്യാൻ സാധിക്കുകയില്ലേ? ഇല്ലെങ്കിൽ എന്തുകൊണ്ട്?" ഇതായിരുന്നു ചോദ്യം. ഇതോടൊപ്പംതന്നെ ഒരു മുതിർന്ന ലീഗ് പണ്ഡിതൻ മറ്റൊരു ചോദ്യവും നൽകി. "കപടനോ തെമ്മാടിയോ ആയ വ്യക്തിയെ അനുഗമിച്ചാൽ ഞങ്ങൾ നരകം പ്രാപിക്കുമോ?" ഈ ചോദ്യങ്ങൾ കയ്യിൽ പിടിച്ച് ഖയ്യിമെ ജമാഅത്ത് മൈക്കിനടുത്ത് വന്നുനിന്നപ്പോഴേക്കും സദസ്സിൽനിന്ന് മുന്നോറോളം പേർ ഒന്നിച്ചെഴുന്നേറ്റ് 'മുസ്‌ലിംലീഗ് സിന്ദാബാദ്' തുടങ്ങിയ മുദ്രാവാക്യങ്ങൾ ചെകിടടപ്പിക്കുംവിധം അത്യുച്ചത്തിൽ വിളിക്കാൻ തുടങ്ങി. അപ്പോൾ ഖയ്യിമെ ജമാഅത്ത് മൈക്കിലൂടെ എല്ലാ പ്രവർത്തകരോടും പൂർണ നിശ്ശബ്ദത പാലിക്കാൻ അഭ്യർഥിച്ചു. "എല്ലാവരും സമാധാനത്തോടെ ഇരിക്കുക. കുഴപ്പകാരികളുടെ ഒരു വാക്കും പ്രവൃത്തിയും നിങ്ങൾ ഗൗനിക്കരുത്. അവരുടെ ഒരു ചലനത്തിനും പ്രതികരിക്കരുത്. ജമാഅത്തെ ഇസ്‌ലാമി, ലോകത്ത് സമാധാനം സ്ഥാപിക്കാനും കുഴപ്പം ഇല്ലായ്മ ചെയ്യാനുമാണ് നിലവിൽ വന്നിട്ടുള്ളത്. കുഴപ്പം ഉണ്ടാക്കുവാനല്ല അത് സ്ഥാപിതമായിട്ടുള്ളത്. കുഴപ്പകാരികളിൽനിന്ന് ദേഹോപദ്രവമേറ്റാൽ പോലും അതെല്ലാം ക്ഷമാപൂർവം സഹിക്കണം. കുഴപ്പം തടയാൻ ജീവൻ നൽകുന്നത് ഭീരുത്വമല്ല, ധീരതയാണ്. പ്രവാചകവര്യന്മാരുടെ ദൗത്യമാണ് നാം ഏറ്റെടുത്തിട്ടുള്ളത്. നാം ലോകത്തിന് സ്വഭാവമഹിമ പഠിപ്പിച്ചുകൊടുക്കേണ്ടവരാണ്. നമ്മുടെ പൂർവികരപ്പോലെ നാം കല്ലുകൾക്ക് പ്രാർഥന കൊണ്ടാണ് മറുപടി പറയേണ്ടത്. അതിനാൽ വികാരങ്ങളെ അടക്കിനിർത്തുക." ഖയ്യിമെ ജമാഅത്തിന്റെ അഭ്യർഥന അനുസരിച്ചുകൊണ്ട് എല്ലാ അംഗങ്ങളും അനുഭാവികളും അവരവരുടെ സ്ഥാനങ്ങളിൽ അടങ്ങിയിരുന്നു. അവരിൽനിന്ന് ഒരു പ്രതികരണവും ഉണ്ടായില്ല. കുറച്ചുകഴിഞ്ഞ് ഒരു കൂട്ടം ആളുകൾ സ്റ്റേജിനടുത്തേക്ക് നീങ്ങി. അങ്ങിങ്ങ് ചില ചെരിപ്പുകളും എറിയപ്പെട്ടു. ഇതു കണ്ട ഡോക്ടർ നിഅ്മത്തുല്ലാഹ് സാഹിബ് സേറ്റേജിൽ കയറി അവരോട് അടങ്ങിയിരിക്കാൻ ആവശ്യപ്പെട്ടു. എന്നാൽ, അദ്ദേഹത്തോടും കശപിശ കൂടുകയാണ് അവർ ചെയ്തത്. അപ്പോൾ, അല്ലാഹുവിന്റെയും റസൂലിന്റെയും മുസ്‌ലിംലീഗിന്റെയും ഖാഇദെ അഅ്സമിന്റെയും പേരിൽ അദ്ദേഹം അവരോട് പറഞ്ഞു: ഞാൻ പറയുന്നതൊന്നു കേൾക്കൂ! ഞാൻ ലീഗുകാരനാണ്. അതിനുവേണ്ടി ത്യാഗമനുഷ്ഠിച്ചവനാണ്. പാക്കിസ്ഥാനു വേണ്ടി ജീവൻ നൽകാനാണ് ഞാൻ വന്നത്. പക്ഷേ, കുഴപ്പകാരികൾക്ക് അതൊന്നും ഏശിയില്ല. അവർ നിർബാധം ബഹളം വെച്ചുകൊണ്ടിരുന്നു. ഒടുവിൽ ഡോക്ടർ ലീഗ് മുദ്രാവാക്യങ്ങൾ മുഴക്കാൻ തുടങ്ങി. ഇതുകേട്ടപ്പോൾ അവർ അൽപമൊന്ന് നിശ്ശബ്ദരായി. അന്നേരം അദ്ദേഹം പറഞ്ഞു: ഇത് ജംഇയ്യത്തുൽ ഉലമായുടെ യോഗമല്ല. ജമാഅത്തെ ഇസ്‌ലാമിക്കാരുടെ യോഗമാണിത്. അവർ സമ്പൂർണ ഇസ്‌ലാമിന്റെ ധ്വജവാഹകരാണ്. ഇസ്‌ലാമികവ്യവസ്ഥയുടെ സംസ്ഥാപനമാണ് അവരുടെ ലക്ഷ്യം. ഞാൻ പ്രസംഗകന് ചോദ്യം എഴുതിക്കൊടുത്തിട്ടുണ്ട്. അദ്ദേഹം മറുപടി പറയട്ടെ. അദ്ദേഹത്തിന് പറയാനുള്ളതെന്തെന്ന് കേൾക്കൂ. ഡോക്ടർ സാഹിബ് ഇത്രയും പറഞ്ഞപ്പോഴേക്കും കുഴപ്പകാരികൾ പൂർവാധികം ഉച്ചത്തിൽ വീണ്ടും ബഹളം വെക്കാൻ തുടങ്ങി. അപ്പോൾ മറ്റൊരു ലീഗ് പ്രവർത്തകൻ സ്റ്റേജിൽ കയറി തനിക്ക് ആവും വിധമൊക്കെ കുഴപ്പക്കാരെ സമാധാനിപ്പിക്കാൻ ശ്രമിച്ചുനോക്കി. പക്ഷേ, അതിനും ഫലമുണ്ടായില്ല. അവസാനം അയാൾ പറഞ്ഞു: 'ഞാൻ പാക്കിസ്ഥാനിയാണ്, പാക്കിസ്ഥാൻ നമ്മുടെ ജീവിതലക്ഷ്യമാണ്. അതിനെ എതിർക്കുന്നത് ആരായിരുന്നാലും അവൻ നമ്മുടെ ശത്രുവാണ്. നാമവനെ തവിടുപോടിയാക്കും..." ഇതു കേട്ട് കുപ്പകാരികൾ അൽപം തണുത്തപ്പോൾ അവരോട് ക്ഷമ കൈക്കൊള്ളാനും തങ്ങളുടെ നേതാവ് എഴുതിക്കൊടുത്ത ചോദ്യത്തിനുള്ള ഉത്തരം ശ്രവിക്കാനും അദ്ദേഹം അഭ്യർഥിച്ചു. അങ്ങനെ കുറച്ചാളുകൾ ഇരുന്നു. കുറേപ്പേർ നിന്നു. സമ്മേളനഹാളിൽ ഏറെക്കുറെ ശാന്തത തിരിച്ചുവന്നു. അപ്പോൾ ഖയ്യിം സാഹിബ് ഒരു പ്രസംഗം ചെയ്തു:

‘‘എന്റെ പ്രിയ സഹോദരങ്ങളെ, നിങ്ങൾ തെല്ലും ക്ഷമയില്ലാത്തവരായിപ്പോയല്ലോ എന്നോർത്ത് ഞാനേറെ ദുഃഖിച്ചുപോയി. സ്വന്തത്തിന്റെയും സ്വന്തം സമുദായത്തിന്റെയും മതത്തിന്റെയും അന്തസ്സിനെക്കുറിച്ചുപോലും ഒരു വിചാരമില്ലാത്ത വിധം നിങ്ങൾ വികാരങ്ങൾക്ക് അധീനപ്പെട്ടുപോയിരിക്കുന്നു. അര-മുക്കാൽ മണിക്കൂർ നേരം നിങ്ങൾ ഇവിടെ കാട്ടിക്കൂട്ടിയത് ഏതു തത്വത്തിന്റെയും സംസ്കാരത്തിന്റെയും മാനദണ്ഡങ്ങൾക്കാണ് ചേരുകയെന്ന് നിങ്ങൾ ചിന്തിച്ചുനോക്കണം. നിങ്ങളോട് ഞാൻ ചില കാര്യങ്ങൾ സംസാരിക്കുകയുണ്ടായി. നിങ്ങളുടെ വിയോജിപ്പും സംശയങ്ങളും പ്രകടിപ്പിക്കാൻ അവസരവും നൽകുകയുണ്ടായി. അങ്ങനെ നിങ്ങളുടെ രണ്ടു മാന്യ പ്രവർത്തകർ രണ്ടു ചോദ്യങ്ങൾ തന്നു. പക്ഷേ, ആ ചോദ്യങ്ങളോ അവക്കുള്ള മറുപടിയോ കേൾക്കാൻ ശ്രമിക്കാതെ കുഴപ്പമുണ്ടാക്കുകയാണ് നിങ്ങൾ ചെയ്തത്. ഒരു കാര്യം ന്യായമോ അന്യായമോ എന്നതല്ല നിങ്ങൾക്കു പ്രശ്നമെന്നും മറിച്ച് നിങ്ങളുടെ വികാരങ്ങളെ, അത് അനുവദനീയമാണെങ്കിലും അല്ലെങ്കിലും പിൻപറ്റണമെന്നുമാണല്ലോ അതിനർഥം. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ കൊണ്ട് ലോകത്ത് വല്ല മെച്ചവും കൈവരിക്കാമെന്ന് നിങ്ങൾ വിചാരിക്കുന്നുണ്ടോ? നിങ്ങൾക്ക് അച്ചടക്കമെന്നത് പേരിനു പോലുമില്ല ഓരോരുത്തരും സ്വയം നേതാവായിരിക്കുകയാണ്. നിങ്ങൾ സ്വയം തെരഞ്ഞെടുത്ത നേതാവിന്റെ വാക്കുകൾപോലും കേൾക്കാൻ സന്നദ്ധമല്ലാത്തവിധം നിങ്ങൾ വികാരത്തിന് കീഴ്പെട്ടിരിക്കുന്നു. ഒടുവിൽ നിയന്ത്രിച്ചപ്പോൾ എനിക്ക് അൽപം സന്തോഷവും തോന്നി. നിങ്ങളുടെ ധാർമിക ബോധം തീർത്തും നഷ്ടപെട്ടിട്ടില്ല എന്നറിഞ്ഞ് എനിക്ക് സമാധാനമായി. ഈ ധാർമികബോധത്തെ പുഷ്ടിപ്പെടുത്തിയാൽ നിങ്ങൾക്ക് ഏതു വികാരങ്ങളെയും അതിജീവിക്കാനാകും. നിങ്ങൾ തന്ന ചോദ്യങ്ങൾക്ക് മറുപടി പറയുന്നതിനു മുമ്പ് ചില കാര്യങ്ങൾ വ്യക്തമാക്കാൻ ഞാനാഗ്രഹിക്കുന്നു. ഇസ്‌ലാമിലേക്കാണ് ഞങ്ങൾ ക്ഷണിക്കുന്നത്; യഥാർഥവും ശുദ്ധവുമായ ഇസ്‌ലാമിലേക്ക്. അതിൽ എന്തെങ്കിലും കുറവു വരുത്തുകയോ വല്ലതും കൂട്ടിച്ചേർക്കുകയോ ചെയ്യുന്നില്ല. കാരണം ഞങ്ങൾക്കോ മറ്റുള്ളവർക്കോ അതിന് അധികാരമില്ല. ഖുർആന്റെയും സുന്നത്തിന്റെയും അടിസ്ഥാനത്തിലാണ് ഏതൊരു കാര്യവും ഞങ്ങൾ പറയുന്നത്. അതിനാൽ ഞങ്ങളോട് വിയോജിപ്പുള്ളവർ ഖുർആനിനെയും സുന്നത്തിനെയും അടിസ്ഥാനമാക്കി തങ്ങളുടെ വിയോജിപ്പുകൾ പ്രകടിപ്പിക്കണം. അതിനുള്ള മറുപടികളും അതേ മാനദണ്ഡംവെച്ച് നിങ്ങൾ പരിശോധിക്കണം. ഈ മാനദണ്ഡം സ്വീകാര്യമല്ലാത്തവരോട് ഞങ്ങൾക്കൊന്നും പറയാനില്ല. ഇതോടൊപ്പം മറ്റൊരു കാര്യവും കൂടി ഞാൻ തുറന്നു പറയട്ടെ: ഈ സന്ദേശത്തിനുവേണ്ടി ജീവിക്കാനും മരിക്കാനും തയാറെടുത്തവരാണ് ഞങ്ങൾ. ഞങ്ങളെ ഭയപ്പെടുത്താനോ പിന്തിരിപ്പിക്കാനോ ലോകത്ത് ഒരു ശക്തിക്കും സാധ്യമല്ല. അതെ, തെളിവുകളും പ്രമാണങ്ങളുമായാണ്, ഖുർആനും സുന്നത്തുമായാണ് ഞങ്ങൾ ഇറങ്ങിത്തിരിച്ചിരിക്കുന്നത്. അല്ലാഹുവിന്റെയും തിരുദൂതരുടെയും അധ്യാപനങ്ങളുടെ വെളിച്ചത്തിൽ ഈ മാർഗം തെറ്റാണെന്ന് നിങ്ങൾ സ്ഥാപിക്കുകയാണെങ്കിൽ അതുപേക്ഷിക്കാൻ ഞങ്ങൾ തയാറാണ്. മാത്രമല്ല, ഈ സ്റ്റേജിൽവെച്ചുതന്നെ ഞങ്ങളുടെ തെറ്റ് പരസ്യമായി പ്രഖ്യാപിക്കാം. ഞങ്ങൾക്ക് നേർവഴി കാണിച്ചുതന്ന നിങ്ങൾക്ക് നന്ദി പറയുകയും ചെയ്യാം. എന്നാൽ, ബഹളവും കുഴപ്പങ്ങളുമുണ്ടാക്കി ഞങ്ങളെ സത്യമാർഗത്തിൽനിന്നു പിന്തിരിപ്പിക്കാമെന്നു വല്ലവരും കരുതുന്നുവെങ്കിൽ അതവരുടെ തെറ്റിദ്ധാരണ മാത്രമാണ്. എത്രപെട്ടെന്ന് ദൂരെ കളയുന്നുവോ അത്രയും അവർക്ക് നന്നായിരിക്കും.

ഇനി നിങ്ങളുടെ ചോദ്യത്തെപ്പറ്റി നാളെ മഗ്‌രിബിനുശേഷം പൊതുജനങ്ങൾക്കായി ഒരു യോഗം നടക്കുന്നുണ്ട്. അതിൽ ഞങ്ങളുടെ പ്രസ്ഥാത്തിന്റെ അമീർ ഞങ്ങളുടെ സന്ദേശത്തെ പരിചയപ്പെടുത്തിക്കൊണ്ട് നിങ്ങളോട് സംസാരിക്കും. അവിടെവെച്ച് നിങ്ങൾക്ക് ഏതു ചോദ്യവും എത്ര വേണമെങ്കിലും ചോദിക്കാം. നിങ്ങളുടെ വിയോജിപ്പുകളും സംശയങ്ങളും പ്രകടിപ്പിക്കാം. ഈ രണ്ടു ചോദ്യങ്ങളും അദ്ദേഹത്തിന് കൈമാറുവാനാണ് ഞാനുദ്ദേശിക്കുന്നത്. അദ്ദേഹം തന്റെ പ്രസംഗതത്തിൽ അവയ്ക്കുകൂടി മറുപടി പറഞ്ഞുകൊള്ളും. നിങ്ങൾക്ക് എന്നിൽനിന്ന് കിട്ടുന്നതിനേക്കാൾ കൂടുതൽ പ്രമാണയുക്തവും തൃപ്തികരവുമായ മറുപടി അദ്ദേഹത്തിൽ നിന്നാണ് ലഭിക്കുക. എന്റെ മറുപടി നിങ്ങളെ തൃപ്തിപ്പെടുത്തിയില്ലെങ്കിൽ സംഗതി കിടന്നേടത്തുതന്നെ കിടക്കുകയേയുള്ളൂ. അതിനാൽ, ഈ യോഗം ഇവിടെ വെച്ച് അവസാനിക്കുകയാണ്.’’

കുഴപ്പക്കാർ പിന്നെയും ബഹളം തുടങ്ങി. യോഗസ്ഥലത്തുനിന്ന് അവർ സ്റ്റോറിലേക്കും അടുക്കളയിലേക്കും നീങ്ങി. അൻപതോളം പേർക്കുള്ള ഭക്ഷണസാധനങ്ങളത്രയും കൊള്ളചെയ്ത് കൊണ്ടുപോയി. തികച്ചും നിർലജ്ജാമായ രീതിയിൽ ആർപ്പുവിളികളോടെ പൊതുറോഡിൽ രണ്ടു വരികളായി നിന്നുകൊണ്ട് വാരിവലിച്ച് തിന്നാൻ തുടങ്ങി.

ഈ ബഹളത്തിനിടക്ക് പോലീസുകാർ, ഒരു ലോറി പോലീസുകാരെ കൂടി വരുത്തുകയും പല തവണ ഇടപെടാൻ നോക്കുകയും ചെയ്തു. നമ്മുടെ പ്രവർത്തകരെ അവർ ഭീരുക്കളെന്ന് ആക്ഷേപിച്ചു. “നിങ്ങൾ എന്തൊരു മനുഷ്യരാണ്? സ്വന്തം അഭിമാനത്തെക്കുറിച്ചുപോലും നിങ്ങൾക്ക് വിചാരമില്ലേ? ഇങ്ങനെയൊക്കെ നിങ്ങളെ അവഹേളിച്ചിട്ടും ഞങ്ങൾ ഇടപെടുന്നത് നിങ്ങൾ തടയുകയാണല്ലോ..’’

അപ്പോഴെക്കെ ജമാഅത്ത് പ്രവർത്തകർ അവരോട് പറഞ്ഞുകൊണ്ടിരുന്നു. “നിങ്ങൾ ഇടപെടേണ്ട യാതൊരാവശ്യവുമില്ല. ഇവിടെ ഒരു ലഹളയും ഉണ്ടാവുകയില്ലെന്ന് ഞങ്ങൾ നിങ്ങൾക്ക് ഉറപ്പുതരുന്നു. എതിർ നടപടി ഉണ്ടാവുമ്പോഴാണ് കുഴപ്പങ്ങളുണ്ടാവുക. ഇവർ എന്തു ചെയ്താലും മറുത്തൊന്നും ചെയ്യേണ്ടതില്ലെന്ന് ഞങ്ങൾ തീരുമാനിച്ചിരിക്കുന്നു. ഞങ്ങളുടെ സഹോദരങ്ങളെ നിങ്ങളുടെ അടിയും വെടിയുമേൽപിക്കാൻ ഞങ്ങൾ ഒരിക്കലും മുതിരുകയില്ല.’’

പതിനൊന്ന് മണിയോടടുത്ത് കുഴപ്പക്കാർ പല ഭാഗങ്ങളിലേക്കായി പോവുകയും സ്ഥിതിഗതികൾ തീർത്തും ശാന്തമാവുകയും ചെയ്തപ്പോൾ അധ്യക്ഷൻ മൗലാനാ മുഹമ്മദ് ഇസ്മാഈൽ സാഹിബും ‘ഖയ്യിമെ ജമാഅത്തും’ സ്റ്റേജിൽനിന്ന് എഴുന്നേറ്റ് തങ്ങളുടെ താമസസ്ഥലത്തേക്കു പോയി.

ഖയ്യിമെ ജമാഅത്ത് സംഭവങ്ങൾ മുഴുവൻ അമീറിനെ ധരിപ്പിച്ചു. അമീർ പറഞ്ഞു: “നാം വന്നിട്ടുള്ളത് ജനങ്ങളുടെ സേവനത്തിനും സംസ്കരണത്തിനും വേണ്ടിയാണ്. അതല്ലാതെ കുഴപ്പമുണ്ടാക്കാനല്ല. അതിനാൽ ആ സമ്മേളനസ്ഥലം നമുക്ക് ഒഴിവാക്കാം. നാളത്തെ യോഗനടപടികൾ എന്റെ താമസസ്ഥലത്തു (മൗലവി നദീർ ഹുസൈൻ ഖസൂരിയുടെ വസതി) വെച്ച് നടത്താം. നാളത്തെ പൊതുയോഗം നിർത്തിവെക്കുകയും ചെയ്യാം. നമ്മുടെ കാര്യങ്ങൾ ജനങ്ങളുടെ മേൽ അടിച്ചേൽപിക്കാൻ നാം ആഗ്രഹിക്കുന്നില്ല. മദിരാശിക്കാർ കേൾക്കാൻ ആഗ്രഹിക്കുന്നില്ലെങ്കിൽ അവരെ കേൾപ്പിക്കണമെന്ന് വാശിപിടിക്കുന്നത് ശരിയല്ല.’’

അടുത്തദിവസം (ഏപ്രിൽ 26-ന്) ഒരാൾ (പേര് അബ്ദുൽഹഫീസ് ആണെന്നുതോന്നുന്നു) അമീറിന്റെ അടുക്കൽ വന്നുപറഞ്ഞു: “എനിക്കും ചിന്തിക്കുന്ന മറ്റു മുസ്‌ലിംകൾക്കും ഇന്നലെ നടന്ന സംഭവത്തിൽ അതിയായ ദുഃഖമുണ്ട്. മദ്രാസിലെ പൊതുജനങ്ങൾ ഇത്രയും മര്യാദകെട്ട പ്രവർത്തനങ്ങൾ നടത്തിയതിൽ ഞങ്ങൾ ഖേദിക്കുന്നു. മുസ്‌ലിംലീഗ് നേതാക്കൾക്കും ഇതേ വികാരം തന്നെയാണുള്ളത്. താങ്കളുടെ ഇന്നത്തെ പൊതുപ്രഭാഷണം റദ്ദു ചെയ്തതറിഞ്ഞ് അഭ്യസ്തവിദ്യരായ ആളുകളെല്ലാം ദുഃഖം പൂണ്ടിരിക്കുകയാണ്. താങ്കളുടെ പുസ്തകങ്ങൾ കുറേ കാലമായി മദ്രാസിൽ പ്രചാരം നേടിക്കൊണ്ടിരിക്കുകയാണ്. താങ്കളുടെ വാക്കുകൾ താങ്കളുടെതന്നെ നാവിൽ നിന്നു കേൾക്കാൻ വളരെക്കാലമായി ഞങ്ങൾ കൊതിപൂണ്ടിരിക്കുകയായിരുന്നു. ഇപ്പോൾ അല്ലാഹു അതിന് അവസരമൊരുക്കിയപ്പോൾ ചില ദുഷ്ടർ ഇത്തരമൊരു രംഗം സൃഷ്ടിക്കുകയും ചെയ്തു. താങ്കൾ ഞങ്ങൾക്ക് ഈ അവസരം നഷ്ടപ്പെടുത്തരുത്. അത്തരം സംഭവം ഇനി ആവർത്തി

ക്കുകയില്ലെന്ന് ഞാൻ താങ്കൾക്ക് ഉറപ്പുതരുന്നു."

അമീർ പറഞ്ഞു: "മൂന്നര വർഷത്തോളമായി എന്റെ തൊണ്ടക്ക് സുഖമില്ല. ഈ ഒക്ടോബറിലാണ് ഓപ്പറേഷനു വിധേയമായത്. അതിനു ശേഷം വീണ്ടും രോഗം വന്നു. ഇത്തരമൊരവസ്ഥയിൽ ഇത്രയും നീണ്ട യാത്രചെയ്ത് ഇവിടെ എത്തിയതു തന്നെ വളരെ പ്രയാസപ്പെട്ടുകൊണ്ടാണ്. എന്നിട്ടും വീട്ടിൽനിന്നു ഞാൻ ഇറങ്ങിപ്പുറപ്പെട്ടത്, സന്ദർഭത്തിന്റെ സന്നിഗ്ധതയും അല്ലാഹു എനിക്കു തന്ന ദീനിയായ അറിവ് എന്റെ സഹോദരങ്ങൾക്കുകൂടി പകർന്നു കൊടുക്കേണ്ടതുണ്ടെന്നുള്ള ഉത്തരവാദിത്തബോധവും കൊണ്ടാണ്. മുസ്‌ലിംകൾ എന്ന നിലക്കും മുസ്‌ലിം സമുദായം എന്ന നിലക്കും തങ്ങൾ എന്താണ് ചെയ്യേണ്ടതെന്നും എന്താണ് ചെയ്തുകൊണ്ടിരിക്കുന്നതെന്നും അവരെ തെര്യപ്പെടുത്താൻ വേണ്ടിയാണ് ഞാൻ വന്നത്. പക്ഷേ, മദ്രാസുകാർ തങ്ങളുടെ പ്രവർത്തനത്തിലൂടെ അവർ എന്റെ വാക്കുകൾ കേൾക്കാൻ തയാറല്ല എന്ന് വ്യക്തമാക്കിയിരിക്കയാണ്. അതുകൊണ്ടാണ് ഞാൻ പൊതുപ്രഭാഷണം വേണ്ടെന്നുവെച്ചത്. കേൾക്കാൻ മനസ്സില്ലാത്തവരെ കേൾപ്പിക്കണമെന്ന വാശി എനിക്കില്ല. മതപരമായി എന്റെ മേൽ അർപ്പിതമായ ബാധ്യത ഞാൻ നിർവഹിച്ചുകഴിഞ്ഞു. അവർ തങ്ങളുടെ തെറ്റ് മനസ്സിലാക്കി എന്റെ പ്രഭാഷണം ശ്രവിക്കാനാഗ്രഹിക്കുകയാണെങ്കിൽ, ബിസ്മില്ലാഹ്.. ഞാനതിനു തയാറാണ്. പക്ഷേ, തങ്ങളുടെ ആളുകളെ അടക്കിനിർത്തുമെന്ന് മുസ്‌ലിം ലീഗിന്റെ പ്രാദേശികനേതാക്കൾ എനിക്കുറപ്പു തരണം. എന്നെ അവഹേളിക്കുന്നത് എനിക്കു പ്രശ്നമല്ല. എന്നാൽ അല്ലാഹുവിന്റെ ദീനിന്റെയും പ്രവാചകന്മാരുടെ സന്ദേശത്തെയും അവമതിക്കുന്നത് ഒരു തരത്തിലും എനിക്കു പൊറുപ്പിക്കാനാവുകയില്ല, വിശേഷിച്ചും അത് ചെയ്യുന്നത് മുസ്‌ലിംകളായിരിക്കുമ്പോൾ.

അബ്ദുൽഹഫീസ് സാഹിബ് ഈ സന്ദേശവുമായി തിരിച്ചുപോയി. അതിനു ശേഷം പകൽ സമയം വേറെയും ചില തലമുതിർന്ന ആളുകൾ വന്നു. അവരും ഹഫീസ് സാഹിബിനെപ്പോലെ ഖേദപ്രകടനം നടത്തി. അമീർ, ഹഫീസ് സാഹിബിനോടു പറഞ്ഞ മറുപടി തന്നെ അവരോടും പറഞ്ഞു. നിലവിലുള്ള സാമുദായികപ്രസ്ഥാനത്തിൽ മുസ്‌ലിംകളുടെ സ്വഭാവവും മര്യാദയും എത്രമാത്രം അധഃപതിച്ചുപോയിരിക്കുന്നു എന്ന് ബോധ്യപ്പെടുത്താനും അദ്ദേഹം ശ്രമിച്ചു. സാമുദായികോദ്ധാരണത്തിന്റെ പേരിൽ അവരിൽ ചില ആഗ്രഹങ്ങൾ ജനിപ്പിക്കുകയും വികാരങ്ങൾ ഉദ്ദീപിപ്പിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും അവർക്കു ധാർമികശിക്ഷണങ്ങൾ നൽകുകയോ അച്ചടക്കം പഠിപ്പിക്കുകയോ ചെയ്തിട്ടില്ല. പൊതുജനങ്ങളെ ഇവ്വിധം കയറൂരി വിടുന്നത് അത്യന്തം അപകടകരമാണ്. ഒരുവേള മദ്രാസിലെ മുസ്‌ലിംകൾക്ക് മാത്രമല്ല, ദക്ഷിണേന്ത്യയിലെ മുസ്‌ലിംകൾക്കാകമാനം തന്നെ ഹാനികരമായ ചെയ്തികൾ അവരിൽനിന്നുണ്ടായേക്കാം. ഈയാളുകൾ ഇതേ വിധത്തിൽ മുന്നോട്ടു പോവുകയാണെങ്കിൽ എന്തും സംഭവിക്കാം. തങ്ങൾ തെരഞ്ഞെടുത്ത നേതാക്കളുടെ വാക്കുപോലും അവർ മാനിക്കുന്നില്ലെന്നത് ഏറെ ആശങ്കാജനകമാണ്. നിങ്ങളുടെ സത്വരശ്രദ്ധ ഇക്കാര്യത്തിൽ പതിയേണ്ടതുണ്ട്. ഈ സ്ഥിതി എത്രയും വേഗം മെച്ചപ്പെടുത്തിയില്ലെങ്കിൽ ഒരിക്കൽ നിങ്ങളുടെ അനുയായികൾ നിങ്ങളെത്തന്നെ അവഹേളിക്കുമെന്ന് ഞാൻ ഭയപ്പെടുന്നു. തീയും വെള്ളവും പോലെയാണ് പോതുജനം. അതിനെ നിയന്ത്രിച്ചില്ലെങ്കിൽ അപരന്റെ വീട് നശിപ്പിക്കുന്നത്പോലെ നിങ്ങളുടെ വീടും അത് നശിപ്പിക്കും.

ഇവിടെ ദുഃഖകരമായ മറ്റൊരു കാര്യം കൂടി പറയേണ്ടി വന്നിരിക്കുന്നു. സേട്ട് സർ മുഹമ്മദ്ജമാൽ സാഹിബിനെപ്പോലെ ഈ സംഭവത്തിൽ യഥാർഥത്തിൽ തന്നെ ദുഃഖമുള്ളവർ വളരെ കുറച്ചുപേരെ ഉണ്ടായിരുന്നുള്ളു. മദ്രാസ് മുസ്‌ലിംകൾക്കിടയിൽ, മറ്റൊരു സംഘടനയുടെ സാന്നിധ്യം സഹിക്കാൻപോലും സാധിക്കാത്തവിധം മുസ്‌ലിംലീഗിന്റെ സ്വാധീനം വർധിക്കുന്നതിൽ അഭിമാനംകൊള്ളുന്നവരായിരുന്നു അധികപേരും.

അന്നേദിവസം മഗ്‌രിബിന് ഏതാനും മിനുട്ടുകൾ മുമ്പ് മുസ്‌ലിംലീഗ് സെക്രട്ടറി മി. കെ.ടി. ശഫീഖ് സാഹിബ്, മി. അതാഉല്ലാഹ് എം. എൽ. എ, ലീഗ് നിയമസഭാ കക്ഷി നേതാവ് അബ്ദുൽ ഹമീദ് എം. എൽ എ. എന്നിവരടങ്ങുന്ന ഏഴോളം ആളുകൾ (തലേദിവസം രണ്ടാമത്തെ ചോദ്യം തന്ന ആളുമുണ്ടായിരുന്നു കൂട്ടത്തിൽ) വന്ന് ഖയ്യിമെ ജമാഅത്തിനെ കാണാൻ ആഗ്രഹം പ്രകടിപ്പിച്ചു. അദ്ദേഹം യോഗത്തിൽനിന്ന് എഴുന്നേറ്റ് അവരെ കാണാൻ ചെന്നു. പരിചയപ്പെടുത്തിയ ശേഷം ശഫീഖ് സാഹിബ് മൗദൂദിയുടെ പൊതുപ്രഭാഷണത്തെക്കുറിച്ച് അന്വേഷിച്ചു. തലേദിവസം ഹഫീസ് സാഹിബിനോട് അമീർ പറഞ്ഞ മറുപടി പറഞ്ഞു കൊണ്ട് ഖയ്യിമെ ജമാഅത്ത് പറഞ്ഞു: "ഭാഷണം വേണോ വേണ്ടേ എന്നത് നിങ്ങളുടെ ഇഷ്ടത്തെ ആശ്രയിച്ചാണിനിരിക്കുന്നത്.'' ഈ സംസാരം നടന്നുകൊണ്ടിരിക്കെ സമ്മേളനസ്ഥലത്ത് കുഴപ്പം തുടങ്ങി. ബഹളംമൂലം ജമാഅത്ത് അമീറിന്റെ താമസസ്ഥലത്തുപോലും ഒന്നും ചെയ്യാൻ പറ്റാത്ത അവസ്ഥയുണ്ടായി. അന്നത്തെ യോഗം നടക്കേണ്ടിയിരുന്നതവിടെയാണ്. ഒരുനിലക്കും പ്രതികരിക്കരുതെന്നും കുഴപ്പകാരികളുടെ അവിവേകവും അതിക്രമവും സസന്തോഷം ക്ഷമിക്കണമെന്നും ഞങ്ങൾ പ്രവർത്തകർക്കു നിർദേശം നൽകി. കാരണം, അവർ കുറ്റക്കാരല്ല. അവർക്ക് നേതൃത്വം നൽകുന്നവർ അവർക്ക് ധാർമികമര്യാദകളും അച്ചടക്കവും പഠിപ്പിക്കുന്നതിനെപ്പറ്റി ചിന്തിക്കുകപോലും ചെയ്തിട്ടില്ല. ആ പാവങ്ങൾ പഠിച്ചത് ചെയ്യുന്നു എന്നേയുള്ളൂ. നിങ്ങളെ എന്താണോ പഠിപ്പിച്ചത് അത് നിങ്ങളും ചെയ്യുക."

പ്രസ്തുത ലീഗ് നേതാക്കളോട് ഖയ്യിമെ ജമാഅത്ത് അഭ്യർഥിച്ചു: "ആദ്യം നിങ്ങൾ ചെന്ന് നിങ്ങളുടെ ആളുകളെ അടക്കിനിർത്തുക. അല്ലാതെ നിങ്ങൾക്കും ഞങ്ങൾക്കും ഒരു തീരുമാനവും എടുക്കാൻ കഴിയില്ല."

ആ നേതാക്കൾ സമ്മേളനഹാളിലേക്കു വന്നു. കുഴപ്പകാരികൾ ഹാൾ നിറയെ ജിന്നയുടെ പടങ്ങൾ തൂക്കിയിരുന്നു. എല്ലാഭാഗത്തും അവർ നശീകരണ പ്രവർത്തനം നടത്തിക്കൊണ്ടിരുന്നു. മണിക്കൂറുകൾ നീണ്ട അത്യധ്വാനത്തിനു ശേഷമാണ് ജനക്കൂട്ടം അൽപം ശാന്തമായത്. അവരുടെ വികാരങ്ങളെ കൈയിലെടുക്കാൻ വേണ്ടി നേതാക്കൾ ചില മുദ്രാവാക്യങ്ങൾ മുഴക്കി. ഒന്നുരണ്ടു പ്രസംഗങ്ങളും നടത്തി. എന്നിട്ട് അവരോടു പറഞ്ഞു: "നിങ്ങൾ സ്റ്റേജ് കയ്യടക്കിക്കഴിഞ്ഞിരിക്കുന്നു. ഇനി പറയൂ, മൗദൂദിയുടെ പ്രസംഗം വേണോ വേണ്ടേ? നിങ്ങൾക്കു വേണമെങ്കിൽ അദ്ദേഹം പ്രസംഗിക്കും. ഇല്ലെങ്കിൽ പ്രസംഗിക്കുകയുമില്ല. എഴുന്നൂറോളം പേർ വരുന്ന ജനക്കൂട്ടം വിളിച്ചുപറഞ്ഞു: ''വേണ്ട, ഞങ്ങൾക്കു കേൾക്കണ്ട!'' അപ്പോൾ നേതാക്കൾ അവരോട് പിരിഞ്ഞു പോകാൻ ആവശ്യപ്പെട്ടു. പക്ഷേ, പിന്നെയും കുറേ നേരം അവർ ബഹളവും കുഴപ്പവുമുണ്ടാക്കിക്കൊണ്ടിരുന്നു. പിറ്റേദിവസം സമ്മേളനഹാളിലെ സാധനങ്ങളുടെ കണക്കെടുത്തപ്പോൾ വളരെയധികം പാത്രങ്ങളും പായകളും കാണാനുണ്ടായിരുന്നില്ല.

ഈ കുഴപ്പങ്ങൾ നടക്കുമ്പോഴും വലിയൊരു സംഘം പോലീസ് അവിടെയുണ്ടായിരുന്നു. അവർ എല്ലാ സന്നാഹങ്ങളും ചെയ്തുവെച്ചിരുന്നു. കാരണം സാമൂഹിക ദ്രോഹികൾ കലാപമുണ്ടാക്കുമെന്നും സമ്മേളനഹാളിനു തീവെക്കുമെന്നും രാവിലെതന്നെ ഒരു ശ്രുതിയുണ്ടായിരുന്നു. എന്നാൽ, പോലീസുകാർ വളരെ നിർബന്ധിച്ചിട്ടും അവരെ ഇടപെടാൻ നമ്മുടെ പ്രവർത്തകർ അനുവദിച്ചില്ല. പോലീസുകാരോട് വർ പറഞ്ഞു: "വികാരവിക്ഷോഭം മൂലം ചിത്തഭ്രമം ബാധിച്ച ആളുകൾക്കു നേരെ ലാത്തിയും തോക്കും പ്രയോഗിക്കുന്നത് ശരിയല്ല. അവരോട് ഞങ്ങൾക്ക് വിദ്വേഷമല്ല, അനുകമ്പ മാത്രമേയുള്ളൂ. ഇൻശാ അല്ലാഹ്, അവരുട രോഗം ഭേദമാക്കുന്നതിൽ ഒരുനാൾ ഞങ്ങൾ വിജയിക്കുകതന്നെ ചെയ്യുമെന്നാണ് ഞങ്ങളുടെ പ്രതീക്ഷ."

ഈ സംഭവത്തിനുശേഷം മദിരാശിയിലെ തലമുതിർന്ന മുസ്‌ലിം നേതാക്കന്മാർ ഒരുമിച്ചിരുന്ന് ഇതിനെക്കുറിച്ച് ചർച്ച ചെയ്യുമെന്നും ഈ സ്ഥിതിവിശേഷം നിയന്ത്രിക്കുകയും മെച്ചപ്പെടുത്തുകയും ചെയ്യുന്നതിനെക്കുറിച്ച് ആലോചിക്കുമെന്നും ഞങ്ങൾ പ്രതീക്ഷിച്ചിരുന്നു. എന്നാൽ തലേനാളത്തെ സംഭവങ്ങളെ ന്യായീകരിക്കാൻ

അവർ തെളിവുകൾ നിരത്തുന്നതുകണ്ട് ഞങ്ങൾക്ക് അത്യധികം നിരാശയാണനുഭവപ്പെട്ടത്. സമ്മേളന കൺവീനറോടുള്ള വ്യക്തിവൈരാഗ്യം മൂലമാണ് ഈ സംഭവങ്ങളൊക്കെ ഉണ്ടായതെന്നാണ് ഒരു വിഭാഗം അഭിപ്രായപ്പെട്ടത്. വേറെ ചിലരുടെ അഭിപ്രായത്തിൽ മുസ്‌ലിംലീഗുകാരെ സമ്മേളന നടത്തിപ്പിൽ സഹകരിപ്പിക്കാത്തതാണു കാരണം. ഒരു ജമാഅത്ത് പ്രവർത്തകനോട് സമ്മേളനത്തിന്റെ ഉദ്ദേശ്യത്തെപ്പറ്റി ചോദിച്ചപ്പോൾ 'ആളുകളെ മുസ്‌ലിമാക്കാൻ' എന്നു മറുപടി പറയുകയും ഇതു കേട്ട് ആളുകൾ ഇളകിവശാകുകയും ചെയ്തു എന്നായിരുന്നു മൂന്നാമതൊരു ഭാഷ്യം. ഇങ്ങനെ ന്യായീകരണങ്ങൾ കെട്ടിച്ചമക്കുന്നതുകൊണ്ടും മതിയാക്കിയില്ല. കുറച്ചു ദിവസങ്ങൾക്കു ശേഷം സ്റ്റേറ്റ് മുസ്‌ലിംലീഗ് അധ്യക്ഷൻ ജനാബ് മുഹമ്മദ് ഇസ്മാഈൽ സാഹിബ് എം.എൽ.എയുടെ ഒരു നീണ്ട വിശദീകരണം പല പത്രങ്ങളിലും അച്ചടിച്ചുവന്നു. സമ്മേളനത്തിലെ പ്രസംഗങ്ങളിൽ ലീഗിനെയും ലീഗ് നേതാക്കളെയും നിശിതമായി വിമർശിച്ചിരുന്നു എന്നു പറഞ്ഞുകൊണ്ടാണ് അദ്ദേഹം കുഴപ്പകാരികളെ ന്യായീകരിക്കാൻ ശ്രമിച്ചത്.

ഈ സംഭവത്തോടനുബന്ധിച്ച് മദ്രാസിലെ പ്രമുഖനായ ഒരു മുസ്‌ലിംലീഗ് പ്രവർത്തകൻ ജമാഅത്ത് അമീറിനയച്ച കത്ത് താഴെ കൊടുക്കുന്നു:

ജനാബ് സയ്യിദ് അബുൽ അഅ്‌ലാ മൗദൂദി സാഹിബ് അവർകൾക്ക്,

അസ്സലാമു അലൈക്കും

താങ്കൾ വളരെ ദുഃഖിതനായാണ് മദിരാശിയിൽനിന്നു മടങ്ങിയതെന്നും ഇവിടത്തുകാരെ താങ്കൾ സംസ്കാരശൂന്യരെന്നു വിശേഷിപ്പിച്ചുവെന്നുമൊക്കെ കേൾക്കാൻ ഇടയായി. പൊതുജനങ്ങൾ നിങ്ങളുടെ യോഗത്തിൽ കുഴപ്പമുണ്ടാക്കിയിട്ടുണ്ടെന്നതിൽ സംശയമില്ല. പക്ഷേ, അത് അവരുടെ കുറ്റമല്ല, താങ്കളുടെ ചില പ്രവർത്തകരുടെ തെറ്റായ സമീപനം കൊണ്ടാണ് അങ്ങനെ സംഭവിച്ചത്. മദ്രാസുകാർ ജിന്നയെ ആദരിക്കുകയും അദ്ദേഹത്തെ തങ്ങളുടെ നേതാവായി അംഗീകരിക്കുകയും ചെയ്യുന്നുവെങ്കിലും മറ്റു പാർട്ടിക്കാരുടെ ആശയാദർശങ്ങൾ അവർ കേൾക്കാതിരിക്കുകയെന്നത് തീർച്ചയായും ഉണ്ടാവുകയില്ല.

മദ്രാസ് സംഭവങ്ങളുടെ പൂർണ ഉത്തരവാദിത്തം ..........നാണ്. ഇയാൾ ജിന്നയെ അതുമിതും പറയുകയും മുസ്‌ലിംലീഗിനെ വിമർശിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നതിനാൽ മദ്രാസിൽ കോൺഗ്രസുകാരനായാണ് അറിയപ്പെടുന്നത്. സാധാരണക്കാർക്ക് അയാളോട് നേരത്തെത്തന്നെ വെറുപ്പാണ്. അയാൾ സമ്മേളന കൺവീനറായി നിശ്ചയിക്കപ്പെട്ടപ്പോൾ ഇത് മുസ്‌ലിംലീഗിനെതിരയുള്ള ഒരു സമ്മേളനമാണെന്ന് ആളുകൾ വിശ്വസിച്ചു. യഥാർഥത്തിൽ നിങ്ങളുടെ സംഘടനക്ക് കോൺഗ്രസുമായോ ജംഇയ്യത്തുൽ ഉലമയുമായോ യാതൊരു ബന്ധവുമില്ലെന്ന് പിന്നീടാണ് വ്യക്തമായത്. ജമാഅത്തിന്റെ വല്ല പരിപാടിയും മദ്രാസിൽ നല്ലനിലക്ക് നടക്കണമെന്നുണ്ടെങ്കിൽ രണ്ടു വ്യക്തികളെ ഇവിടെനിന്നും നീക്കം ചെയ്തേ തീരൂ എന്ന് വിനയപൂർവം പറഞ്ഞുകൊള്ളട്ടെ. അവർ .........ഉം ..........ഉം ആകുന്നു. അവർ രണ്ടുപേരും ഇവിടെ ഉള്ളിടത്തോളം ജമാഅത്തെ ഇസ്‌ലാമിക്ക് ഇവിടെ ഒരു പുരോഗതിയും ഉണ്ടാവുകയില്ല. ഇവിടത്തെ പൊതുജനങ്ങളുടെ ദൃഷ്ടിയിൽ ഇവർ രണ്ടു പേരും തീർത്തും പരിഗണനയർഹിക്കാത്തവരാണ്.

താങ്കൾക്ക് വിഷമമുണ്ടാക്കിയ ഞങ്ങളുടെ തെറ്റുകൾ പൊറുത്തുതരിക. മറുപടി അയച്ചാൽ വളരെ ഉപകാരമായിരിക്കും.

........(ഒപ്പ്)

1947 ഏപ്രിൽ 29

ഈ കത്തിന് അമീറെ ജമാഅത്ത് താഴെ കാണിച്ച മറുപടി എഴുതി:

മാന്യരെ,

അസ്സലാമു അലൈക്കും വറഹ്മത്തുല്ലാഹ്

താങ്കളയച്ച കത്ത് ഇന്നലെ കൈപ്പറ്റി. മദ്രാസിൽനിന്ന് ദുഃഖിതനായാണ് ഞാൻ മടങ്ങിയത് എന്നതിൽ സംശയമില്ല. പക്ഷേ, എന്റെ കാര്യം ഓർത്തിട്ടായിരുന്നില്ല അത്. എന്റെ വ്യതിചലിച്ചുപോയ മുസ്‌ലിം സഹോദരങ്ങളോട് എനിക്ക് ദേഷ്യവുമില്ല. മദ്രാസിലെ മുസ്‌ലിം ജനസാമാന്യത്തിന്റെ അവസ്ഥകണ്ടാണ് എനിക്ക് സങ്കടം വന്നത്. ഇത് മുസ്‌ലിംകൾക്ക് ഭാവിയിൽ ഏറെ ദോഷങ്ങൾ വരുത്തിവെക്കുമെന്ന് ഞാൻ ഭയപ്പെടുന്നു. പൊതുജനങ്ങളെ ഇങ്ങനെ യാതൊരു നിയന്ത്രണവുമില്ലാതെ കയറൂരിവിടുന്നത് ശരിയല്ലെന്ന് മദ്രാസിലെ നേതാക്കളോട് അവിടെവെച്ചുതന്നെ പറഞ്ഞിട്ടുണ്ട്. ഇങ്ങനെ പോയാൽ തങ്ങളുടെ നേതാക്കന്മാരുടെ ആജ്ഞകൾതന്നെ ധിക്കരിച്ചുകൊണ്ട് അവർ യുദ്ധത്തിനിറങ്ങിപ്പുറപ്പെടുമെന്നും അത് ദക്ഷിണേന്ത്യൻ മുസ്‌ലിംകൾക്കു തന്നെ കടുത്ത ദോഷം വരുത്തിവെക്കുമെന്നും ഞാൻ അവരെ ബോധ്യപ്പെടുത്തിയിട്ടുണ്ട്. മദ്രാസിലെ ആളുകൾ കാട്ടിക്കൂട്ടിയതൊന്നും മുസ്‌ലിം ലീഗ് നേതാക്കളുടെ നിർദേശമനുസരിച്ചായിരുന്നില്ല. നേതാക്കൾ അവരുടെ ആ ചെയ്തികളിൽ തൃപ്തരുമല്ല. എന്നാൽ, അവർ ആ നേതാക്കളുടെ നിയന്ത്രണത്തിൽനിന്നു പുറത്തുകടന്നിരിക്കുന്നുവെന്നാണ് അവരുടെ ചെയ്തികൾ തെളിയിക്കുന്നത്. അവർ സ്വയംതന്നെ നേതാക്കളായിരിക്കുകയാണ്. കുഴപ്പക്കാരനും കലഹപ്രിയനും നിരുത്തരവാദിയുമായ ഏതൊരാൾക്കും എളുപ്പത്തിൽ എന്തു കുഴപ്പവും അവരെക്കൊണ്ടു നടത്തിക്കാവുന്ന അവസ്ഥയാണുള്ളത്. ഇന്ന് ഇത് ഞങ്ങൾക്കെതിരിലായതുകൊണ്ട് പ്രശ്നമൊന്നന്നുമുണ്ടായില്ല. കാരണം, ഞങ്ങൾ ഏതവസ്ഥയിലും അവരുടെ ഗുണകാംക്ഷികളാണ്. അവർ ഞങ്ങൾക്കെതിരിൽ തിന്മ ചെയ്താലും അവർക്കെതിരിൽ ഞങ്ങൾ തിരിച്ചൊന്നും ചെയ്യുകയില്ല. എന്നാൽ തങ്ങളെപ്പോലെ ശണ്ഠക്കാരും സർക്കാരിന്റെ പിന്തുണയുമുള്ള ഒരു വിഭാഗത്തോടാണ് നാളെ അവർ ഇങ്ങനെ ചെയ്യുന്നതെങ്കിൽ അത്യന്തം മാരകമായ വിപത്തുകളായിരിക്കും വരുത്തിവെക്കുക. മദ്രാസിലെ നേതാക്കൾ ഇക്കാര്യം നന്നായി ഗ്രഹിക്കണമെന്നും ആളുകളെ നന്നാക്കുവാൻ ശ്രമിക്കണമെന്നുമാണ് എനിക്കുള്ള അഭ്യർഥന.

രണ്ടാളുകളെക്കുറിച്ച് താങ്കൾ എഴുതുകയുണ്ടായി. അത് നൂറു ശതമാനവും ശരിയാണെങ്കിൽതന്നെ മദ്യപിച്ച് ലക്കുകെട്ട ആളുകളെയുംകൊണ്ട് ഞങ്ങളുടെ യോഗസ്ഥലത്തേക്ക് ഇരച്ചുകയറിയതും ചെരുപ്പെറിഞ്ഞതും ഭക്ഷണം കൊള്ളചെയ്തതും സമ്മേളനഹാളിലെ മറ്റു വസ്തുക്കൾ മോഷ്ടിച്ചതും ഒരു മതസംഘടനയുടെ സമ്മേളനഹാളിൽ ബലംപ്രയോഗിച്ച് വലിയഫോട്ടോകൾ പതിച്ചതുമൊക്കെ ശരിയാണോ?

അവർ രണ്ടു പേരുടെയോ മറ്റു വല്ലവരുടേയോ പേരിൽ ഉത്തരവാദിത്തം കെട്ടിവെച്ച് ആളുകളുടെ അനാശാസ്യവും വൃത്തികെട്ടതുമായ പ്രവർത്തനങ്ങളെ എന്തിനാണ് നിങ്ങൾ ന്യായീകരിക്കുന്നതെന്ന് ഞാനത്ഭുതപ്പെടുകയാണ്. അത് കോൺഗ്രസുകാരുടെ യോഗമായിരുന്നുവെന്ന് സങ്കൽപിക്കുക. എന്നാൽ അങ്ങനെയൊക്കെ ചെയ്യുന്നത് ആശാസ്യമാണോ?

ഞാൻ മദ്രാസിൽ വെച്ചുതന്നെ ജമാഅത്ത് പ്രവർത്തകരെ വേണ്ടത്ര വിലയിരുത്തിയിട്ടുണ്ട്. എനിക്കു ലഭിച്ച ആക്ഷേപങ്ങളെക്കുറിച്ചെല്ലാം അന്വേഷിച്ചിട്ടുണ്ട്. സൂക്ഷ്മത കൈക്കൊള്ളണമെന്ന് അവരോട് ഊന്നിപ്പറഞ്ഞിട്ടുണ്ട്. എന്നാൽ, മദ്രാസിലെ ലക്ഷക്കണക്കിന് മുസ്‌ലിംകൾക്കിടയിൽനിന്ന് ഞങ്ങളുടെ സന്ദേശം സ്വീകരിക്കാൻ സന്നദ്ധരായി മുന്നോട്ടുവന്ന ഏതാനും ആളുകളെ ആ സന്ദേശം സ്വീകരിക്കാത്ത ചിലർക്കുവേണ്ടി അകറ്റിനിർത്താൻ എനിക്കു സാധ്യമല്ല.

മദിരാശിയിലെ നല്ലവരായ ആളുകൾ ഈ സന്ദേശം സ്വീകരിക്കട്ടെ. അവർ ഈ സംഘടനയിൽ ഉയർന്നുയർന്നു വരട്ടെ. അപ്പോൾ യോഗ്യതയിലും സ്വഭാവത്തിലും അവരേക്കാൾ താഴേക്കിടയിലുള്ളവർ സ്വാഭാവികമായും പിന്നോട്ടുമാറിക്കൊള്ളും.

വിനീതൻ

അബുൽഅഅ്‌ലാ, 1947 മേയ് 7.

സംഭവത്തെക്കുറിച്ച് യഥാതഥമായ ഒരു വിശദീകരണമാണ് നാം ഈ നൽകിയത്. അടിസ്ഥാനരഹിതമായ പ്രൊപഗണ്ടകളും തെറ്റായ വിശദീകരണങ്ങളും വഴി ദക്ഷിണേന്ത്യൻ കേന്ദ്രങ്ങളിൽ പ്രചരിച്ച തെറ്റിദ്ധാരണകൾ നീക്കാൻ ഇത് പര്യാപ്തമാകുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു.

(റുദാദെ ജമാഅത്ത് അഞ്ചാം ഭാഗം)